(രജിസ്റ്റർ ചെയ്ത് കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ-ഐ.ഡി.കെ-9/28/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ഇടുക്കി ജില്ലാ ഓഡിറ്റ് കാര്യാലയം

തൊടുപുഴ,തീയതി:17.01.2017
Ph:04862-227332
doidk.ksad@kerala.gov.in

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ്
(സെക്രട്ടറി മുഖേന)

ഉപ്പുതറ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :ഉപ്പുതറ ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഉപ്പുതറ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ട് മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് , തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-ഐ.ഡി.കെ-9/28/2017

തീയതി:17.01.2017

## ഇടുക്കി ജില്ലയിലെ ഉപ്പുതറ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

ഇടുക്കി ജില്ലയിലെ ഉപ്പുതറ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 20-01-2016 മുതൽ 08-01-2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഏഴ് അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ ഒന്നിനും മറുപടി ലഭിച്ചിട്ടില്ല. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ)** ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി എം.വി സിനി, ഡെ.ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 09-01-2017 മുതൽ 13-11-2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.കെ.കെ. വിനോദ് | ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്) |
| | ശ്രീ.വി.ജി. സജിമോൻ | അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീ എം. കെ. അഭിലാഷ് | സീനി. ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. ബെന്നി മാത്യു | സീനി. ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. കെ.സി. ബിനുമോൻ | ഓഡിറ്റർ |
| | ശ്രീ.കെ.ബി.ബാബുരാജ് | ഓഡിറ്റർ |

**(ബി)** നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.പി. പഞ്ചമി | 01-04-2015മുതൽ 31-10-2015 വരെ |
| | അഡ്മിനിസ്ട്രേറ്റീവ് ഭരണം | 01-11-2015 മുതൽ 18-11-2015 വരെ |
| | ശ്രീ. സജിമോൻ ടൈറ്റസ് | 19-11-2015 മുതൽ 31-03-2016 വരെ |
| സെക്രട്ടറി | ശ്രീമതി. പി. ഇന്ദിര | 01-04-2015 മുതൽ 15-06-2015 വരെ |
| | ശ്രീ. ആർ സുരേഷ് കുമാർ, അസി.സെക്രട്ടറി (അധിക ചുമതല) | 16-06-2015 മുതൽ 20-07-2015 വരെ |
| | ശ്രീ. വൈ. അനസ് | 21-07-2015 മുതൽ 23-12-2015 വരെ |
| | ശ്രീമതി. എം.കെ രേഖ | 26-12-2015 മുതൽ 14-02-2016 വരെ |
| | | 21-02-2016 മുതൽ 13-03-2016 വരെ |
| | ശ്രീമതി പി.എ. സറീന, അസി. സെക്രട്ടറി അധിക ചുമതല | 15-02-2016 മുതൽ 20-02-2016 വരെ |
| | | 14-03-2016 മുതൽ 31-03-2016 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി.സെക്രട്ടറി | ശ്രീ. ആർ. സുരേഷ് കുമാർ | 01-04-2015മുതൽ 18-08-2015 വരെ |
| | 19.08.2015 മുതൽ 25.08.2015 വരെ ഒഴിവ് | |
| | ശ്രീമതി. പി.എ. സറീന | 26-08-2015മുതൽ 31-03-2016 വരെ |
| അസി.എഞ്ചിനീയർ | ശ്രീ. പി.എസ്. സണ്ണി | 01-04-2015മുതൽ 29-07-2015 വരെ |
| | ശ്രീമതി. സില്ലാമോൾ മാത്യു | 30-07-2015 മുതൽ 31-03-2016 വരെ |
| കൃഷി ഓഫീസർ | കുമാരി. റ്റിജി. ആര്യാംബ | 01-04-2015 മുതൽ 31-03-2016 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി. എൽസമ്മ സെബാസ്റ്റ്യൻ | 01-04-2015മുതൽ 31-03-2016 വരെ |
| മെഡിക്കൽ ഓഫീസർ (ആരോഗ്യം) | ഡോ. മനു മുരളി | 01-04-2015 മുതൽ 31-03-2016 വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.ആർ. ബാൽരാജ് | 01-04-2015 മുതൽ 31-03-2016 വരെ |
| വെറ്ററിനറി സർജൻ | ഡോ.ബി. രഘുനന്ദൻ | 01-04-2015 മുതൽ 31-03-2016 വരെ |
| ഗ്രാമസേവകൻ | ശ്രീ. ആർ. വിൻസന്റ് | 01-04-2015 മുതൽ 31-03-2016 വരെ |

ഉള്ളടക്കം


| ക്രമ നം | ഖണ്ഡിക നം | ഖണ്ഡിക | പേജ് നം |
|---|---|---|---|
| ഭാഗം-I-പൊതു അവലോകനം | | | |
| 1 | 1-1 | ബജറ്റ് | |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക | |
| 3 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | |
| 4 | 1-4 | സാമ്പത്തിക വിശകലനം | |
| 5 | 1-5 | ഫണ്ട് വിനിയോഗം(എ.സി.ആർ പ്രകാരം) | |
| 6 | 1-6 | പദ്ധതി അവലോകനം | |
| 7 | 1-7 | തനത് വരുമാനം | |
| 8 | 1-8 | ക്ഷേമപദ്ധതികൾ | |
| 9 | 1-9 | ക്യാഷ് വെരിഫിക്കേഷൻ | |
| 10 | 1-10 | ആഭ്യന്തരനിയന്ത്രണം | |
| 11 | 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | |
| 12 | 1-12 | അക്കൗണ്ട്സിന്റെ പരിശോധന | |
| ഭാഗം-II- വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 13 | 2-1 | വസ്തു നികുതി നിർണ്ണയിച്ചതിൽ അപാകത- വരവ് നഷ്ടം ₹67420/- | |
| 14 | 2-2 | അനധികൃത കെട്ടിട നിർമ്മാണം, വസ്തുനികുതി നിർണ്ണയിക്കാതിരിക്കൽ എന്നിവ സംബന്ധിച്ച് | |
| 15 | 2-3 | താമസാവശ്യത്തിന് നികുതി നിർണ്ണയിച്ച കെട്ടിടങ്ങൾ വാണിജ്യം/ മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നു- നികുതി നഷ്ടം | |
| 16 | 2-4 | ഡി&ഒ ട്രേഡ് ലൈസൻസ് ഫീസ്, തൊഴിൽനികുതി എന്നിവ | |

| | | | |
|---|---|---|---|
| | | ഈടാക്കുന്നില്ല | |
| 17 | 2-5 | തൊഴിൽ നികുതി ഈടാക്കിയില്ല | |
| ഭാഗം-III- ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 18 | 3-1 | ഡെൽഹി ഷെഡ്യൂൾ നിരക്കുകൾ അനുവദിച്ചതിലെ പിഴവുകൾ മൂലം പഞ്ചായത്ത് ഫണ്ടിന് വൻ നഷ്ടം | |
| 19 | 3-2 | റോഡ് കോൺക്രീറ്റിംഗിന് അധിക നിരക്ക് നല്കി-നഷ്ടം-₹67865/- | |
| 20 | 3-3 | ഉയർന്ന നിരക്കിൽ സൗര റാന്തൽ വാങ്ങി വിതരണം നടത്തി-നഷ്ടം ₹49480/- | |
| 21 | 3-4 | ഫയലുകൾ ഹാജരാക്കിയില്ല. ചെലവ് തടസ്സം-₹3,05,000/- | |
| 22 | 3-5 | മരുന്നുകൾ ലഭ്യമായിട്ടില്ല. ചെലവ് തടസ്സം-₹1,00,000/- | |
| 23 | 3-6 | മീഡിയാശ്രീക്ക് തുക നൽകിയത് - പദ്ധതി പൂർത്തീകരിച്ചിട്ടില്ല.₹65000/- യുടെ ചെലവ് തടസ്സം. | |
| 24 | 3-7 | കൈപ്പറ്റ് രസീതില്ല ചെലവ് തടസ്സം ₹.14,965/- | |
| 25 | 3-8 | റോഡ് നിർമ്മാണം- മെറ്റലിങ്ങിലവസാനിപ്പിക്കുന്നു | |
| 26 | 3-9 | വാങ്ങിയ കമ്പ്യൂട്ടറുകൾ ഉപയോഗക്ഷമമാക്കിയില്ല. | |
| 27 | 3-10 | എസ്.എസ്.എ- വിശദമായ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നില്ല | |
| 28 | 3-11 | ഭവന നിർമ്മാണം പൂർത്തികരിക്കാത്തത് സംബന്ധിച്ച് | |
| ഭാഗം-IV- ധനസ്ഥിതി വിവരവും ഓഡിറ്റ് പ്രത്യവലോകനവും | | | |
| 29 | 4-1 | സംയുക്ത പ്രൊജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | |
| 30 | 4-2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | |
| 31 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | |
| 32 | 4-4 | വായ്പ/ വായ്പ തിരിച്ചടവ് | |
| 33 | 4-5 | സ്ഥിരനിക്ഷേപങ്ങൾ | |
| 34 | 4-6 | ഓഡിറ്റ് റിക്കവറി | |
| 35 | 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | |
| 36 | 4-8 | ഓഡിറ്റ് പ്രത്യവലോകനം | |

| | | | |
|---|---|---|---|
| 37 | 4-9 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | |
| 38 | അനുബന്ധം-1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 39 | അനുബന്ധം-2 | റോഡ് കോൺക്രീറ്റിംഗ് - അധിക തുക നൽകിയതിന്റെ വിശദാംശം കാണിക്കുന്ന പത്രിക | |

# ഭാഗം 1
## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 28-03-2015തിയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം വരവ് ₹4,00,99,600/- ചെലവ് ₹1,95,00,000/- യുമാണ്. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2016 | 02-05-16 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|
| ഈ ഓഡിറ്റിനൊപ്പം പരിശോധിച്ചു | ഓഡിറ്റ് സാക്ഷ്യപത്രം ഈ റിപ്പോർട്ടിനൊപ്പം ഉൾപ്പെടുത്തിയിട്ടുണ്ട് |

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹4,57,27,269 |
| വരവ് | ₹7,32,87,341 |
| ആകെ | ₹11,90,14,610 |

| | |
|---|---|
| ചെലവ് | ₹9,85,98,552 |
| നീക്കിയിരിപ്പ് | ₹2,04,16,058 |

## 1-5 ഫണ്ട് വിനിയോഗം(എ.സി.ആർ പ്രകാരം)

| ഫണ്ടിനം | | മുൻബാക്കി ₹ | അലോട്ട്മെന്റ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കി യിരിപ്പ് ₹ | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| വികസനഫണ്ട് | പൊതുവിഭാഗം | 4724824 | 17995748 | 22720572 | 17740024 | 0 | 78.08 |
| | എസ്.സി.പി. | 3004157 | 7440000 | 10444157 | 4861419 | 0 | 46.55 |
| | ടി.എസ്.പി. | 1509425 | 5091000 | 6600425 | 3581612 | 0 | 54.26 |
| സംരക്ഷണഗ്രാന്റ് | റോഡ് | 620231 | 18499000 | 19119231 | 12091548 | 0 | 63.24 |
| | നോൺറോഡ് | 2885807 | 5214000 | 8099807 | 1597045 | 0 | 19.72 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 6104657 | 7408489 | 13513146 | 9729525 | 0 | 72.00 |
| പെർഫോമൻസ് ഗ്രാന്റ് | | 6647313 | 0 | 6647313 | 3282975 | 0 | 49.39 |
| എം.എൻ.ആർ.ഇ.ജി.എസ്. | | 21367 | 610237 | 631604 | 614072 | 17542 | 97.22 |
| ബി ഫണ്ട് (ഡി.ബി.റ്റി ഫണ്ട് ഉൾപ്പെടെ) | | | 28191220 | 28191220 | 28191220 | | 100 |
| ആകെ | | **25517781** | **90449694** | **115967475** | **81689440** | **17542** | **70.44** |

## 1-6 പദ്ധതി അവലോകനം

ജില്ലാ ആസൂത്രണ സമിതിയുടെ 14-07-2016 ലെ ഡി.പി.സി./543/2015/ഐ.ഡി.കെ ആയുള്ള അന്തിമ ഉത്തരവ് പ്രകാരം ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 276 | 130454035 | 146 | 58090078 | 101 | 29 | 52.89 |

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 14.86% കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം ₹ | തൻവർഷം ₹ | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3466676 | 2446325 | (-)1020351 | (-)29.43 |
| നികുതിയേതര വരവുകൾ | 1281282 | 1374550 | 93268 | 07.28 |
| മറ്റുവരവുകൾ | - | 221683 | 221683 | - |
| ആകെ | **4747958** | **4042558** | **(-)705400** | **(-)14.86** |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| തൊഴിൽരഹിത വേതനം | | 92640 | 54 |
| കർഷകതൊഴിലാളി പെൻഷൻ | ഡി.ബി.റ്റി മുഖേന ചെലവഴിച്ചത് | 629340 | 81 |
| വിധവാ പെൻഷൻ | | 10777200 | 1060 |
| വാർദ്ധക്യകാല പെൻഷൻ | | 13693500 | 1771 |
| വികലാംഗ പെൻഷൻ | | 2763500 | 263 |
| അവിവാഹിത പെൻഷൻ | | 235040 | 22 |
| ആകെ | | **28191220** | 3251 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10-01-2016ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹24,579/-യുടെ ക്യാഷ് ബാലൻസ് ബോധ്യപ്പെട്ടു .

## 1-10 ആഭ്യന്തരനിയന്ത്രണം

<u>രജിസ്റ്ററുകളുടെയും ഫയലുകളുടെയും പരിപാലനം.</u>

സ്റ്റോക്ക് രജിസ്റ്ററുകൾ എല്ലാ രേഖപ്പെടുത്തലുകളും നടത്തി പരിപാലിക്കുന്നില്ല. സെക്രട്ടറിമാരുടെ സ്ഥലമാറ്റ സമയത്ത് സ്റ്റോക്ക് രേഖാമൂലം കൈമാറ്റം ചെയ്യുന്നില്ല. കമ്പ്യൂട്ടറിനും അനുബന്ധ ഉപകരണങ്ങൾക്കും പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

<u>ഓഫീസ് പ്രവർത്തനങ്ങൾ.</u>

പഞ്ചായത്തിലെ ഫ്രണ്ട് ഓഫീസ് സംവിധാനം ജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ സേവനം നൽകി വരുന്നു. ഓഫീസ് ഉത്തരവ് പ്രകാരം ജീവനക്കാരുടെ ജോലികൾ ക്രമീകരിച്ചിട്ടുണ്ട്.

<u>ഗ്രാമസഭ/വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ.</u>

ഗ്രാമ പഞ്ചായത്തിലെ 18 വാർഡുകളിലും 8 ഊരുകൂട്ടങ്ങളിലും യഥാസമയം ഗ്രാമസഭകളും പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ടുള്ള വിവിധ മേഖലകളിലെ വർക്കിംഗ് ഗ്രൂപ്പുകളും സമ്മേളിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമസഭകളിൽ പഞ്ചായത്തിന്റെ വികസന-ക്ഷേമ വിദ്യാഭ്യാസ പ്രവർത്തനങ്ങളെക്കുറിച്ചുള്ള ക്രിയാത്മകമായ ചർച്ചകളും തീരുമാനങ്ങളും ഉണ്ടാകുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 06&-07-01-2016 | ഡിസംബർ 2016 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24-04-2015 മുതൽ 28-04-2016 വരെ | 2010-11 മുതൽ 2014-15 വരെ | 06-07-2015 (പരിശോധനയ്ക്ക് ഹാജരാക്കിയില്ല) |

## 1-12 വാർഷിക കണക്ക് പരിശോധന

1. വാട്ടർ വെയ്സ് എന്ന ഹെഡിൽ അസറ്റ് ഇല്ലാതിരിക്കെ (ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-11) അക്യുമുലേറ്റഡ് ഡിപ്രിസിയേഷനായി ₹84572/- കാണിച്ചിരിക്കുന്നു. അസറ്റ് ഇല്ലാതെ ഡിപ്രിസിയേഷൻ ഉണ്ടാകുന്നില്ലാത്തതിനാൽ കണക്ക് തെറ്റാണ്.
2. പ്രിയർ പീരിയഡ് -പ്രോഗ്രാം എക്സ്പെൻസസ് (280800501) (ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-11) എന്ന ഹെഡിൽ രേഖകളുടെ പിൻബലമില്ലാതെ ₹2664775/- എഴുതി തള്ളിയിരിക്കുന്നു.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തു നികുതി നിർണ്ണയിച്ചതിൽ അപാകത-വരവ് നഷ്ടം-₹67420/-

വാണിജ്യാവശ്യത്തിനായി നിർമ്മിച്ചിട്ടുള്ള 100m2-ൽ കൂടുതലുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് ₹60/- നിരക്കിലാണ് വസ്തു നികുതി നിർണ്ണയിക്കേണ്ടിയിരുന്നത്. എന്നാൽ താഴെപ്പറയുന്ന കെട്ടിടങ്ങൾക്ക് ₹40/- നിരക്കിൽ മാത്രമാണ് നികുതി ചുമത്തിയിരിക്കുന്നത്. വിശദാംശങ്ങൾ ചുവടെ നല്കുന്നു.

| ക്രമ നം | കെട്ടിട ഉടമസ്ഥൻ/വാർഡ്/കെട്ടിട നം | വിസ്തീർണ്ണം ($m^2$) | നിർണ്ണയിച്ച നികുതി (40/m2) ₹ | നിർണ്ണയിക്കേണ്ടിയിരുന്ന നികുതി (60/$m^2$) ₹ |
|---|---|---|---|---|
| 1 | വി.വി.ശശി വാഴവേലിൽ, 6/863-868 | 141 | 5640 | 8460 |
| 2 | സെക്രട്ടറി,വ്യാപാരി വ്യവസായി ഏകോപന സമിതി.6/854-857 | 247 | 9880 | 14620 |
| 3 | സെക്രട്ടറി,എസ്.സി.ബി-ഉപ്പുതറ,6/833-837 | 379 | 15160 | 22740 |
| 4 | എ.എം റീബായ്,അറോണിയിൽ,6/838-843 | 360 | 14400 | 21600 |

വസ്തു നികുതി കുറവായി നിർണ്ണയിച്ച് ഡിമാന്റ് ചെയ്തെങ്കിലും ടി തുകയും ഉടമസ്ഥൻ ഒടുക്കിയിട്ടില്ല. ചതുരശ്ര മീറ്ററിന് ₹60/- നിരക്കിൽ ഈടാക്കേണ്ട 67420/-രൂപ കെട്ടിട ഉടമകളിൽ നിന്നോ, നാളിതുവരെ തുടർ നടപടികൾ സ്വീകരിക്കാതിരുന്ന ബന്ധപ്പെട്ട സെക്ഷൻ ക്ലർക്ക്, സെക്രട്ടറി എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 2-2 അനധികൃതകെട്ടിടനിർമ്മാണം, വസ്തുനികുതി നിർണ്ണയിക്കാതിരിക്കൽ എന്നിവ സംബന്ധിച്ച്

ശ്രീമതി. ബിനു വർഗ്ഗീസിന്റെ ഉടമസ്ഥതയിലുള്ളതും ശ്രീ. എം.ജെ ജോസഫ്, മുത്തുമാക്കുഴി കൈവശക്കാരനായി ഉപയോഗിക്കുന്നതുമായ ഇരുനില കെട്ടിടത്തിനു (VI/811നം.) മുകളിൽ രണ്ട് നിലകളുടെ കൂടി നിർമ്മാണം പുരോഗമിക്കുന്നത് നേരിട്ടുള്ള പരിശോധനയിൽ കാണുകയുണ്ടായി. പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ പ്രസ്തുത നിർമ്മാണത്തിന് ഗ്രാമപഞ്ചായത്ത് അനുമതി നൽകിയിട്ടില്ലായെന്ന് ബോധ്യമായിട്ടുണ്ട്. നിലവിലുള്ള രണ്ട് നിലകളിൽ പാർപ്പിടാവശ്യത്തിനുള്ള ഒരു നിലക്ക് (സെല്ലാർ) മാത്രമാണ് വസ്തു നികുതി നിർണ്ണയിച്ചിട്ടുള്ളത്. കെട്ടിടത്തിന്റെ തറ നിലയിലെ മുറികൾ സ്വകാര്യ ബാങ്കുൾപ്പെടെ വിവിധ വാണിജ്യാവശ്യങ്ങൾക്ക് വാടകയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ വാണിജ്യാവശ്യത്തിനുപയോഗിക്കുന്ന പ്രസ്തുത മുറികൾക്ക് വസ്തുനികുതി നിർണ്ണയിക്കുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല. അവയ്ക്ക്, 1996 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ ഷെഡ്യൂൾ 235 എഎ പ്രകാരം അനധികൃത നിർമ്മാണങ്ങൾക്ക് ഈടാക്കേണ്ടുന്ന മൂന്നിരട്ടി വസ്തുനികുതി മുൻകാല പ്രാബല്യത്തോടെ ഈടാക്കേണ്ടതാണ്. കൂടാതെ, ഇപ്രകാരം പെർമിറ്റ് എടുക്കാതെയുള്ള അനധികൃത കെട്ടിട നിർമാണങ്ങൾ കണ്ടെത്തി കേരള പഞ്ചായത്ത് രാജ് നിയമത്തിലെയും 2011ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെയും വ്യവസ്ഥകൾക്ക് വിധേയമായി യുക്തമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 താമസാവശ്യത്തിന് നികുതി നിർണ്ണയിച്ച കെട്ടിടങ്ങൾ വാണിജ്യം/മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നു-നികുതി നഷ്ടം

2015-16വർഷത്തിൽ ഡി&ഒ ലൈസൻസ് അനുവദിച്ച അപേക്ഷകളിൽ 24 എണ്ണം Random selection നടത്തി കെട്ടിടങ്ങളുടെ ഉപയോഗക്രമം പരിശോധിച്ചപ്പോൾ താഴെപ്പറയുന്ന കെട്ടിടങ്ങൾ താമസാവശ്യത്തിനെന്നപോലെ നികുതി നിർണ്ണയിച്ച് വാണിജ്യം/മറ്റ്ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതായി കാണാൻ കഴിഞ്ഞു.

| ഡി&ഒ രജിസ്റ്ററിലെ ക്രമ നം | അപേക്ഷകന്റെ പേര് | കെട്ടിട നം | ഉപയോഗം |
|---|---|---|---|
| 57 | രാജേഷ് കുമാർ,പുതുപ്പറമ്പിൽ | III/509 | പലചരക്ക് കച്ചവടം |
| 140 | സോദരി ഡാനിയൽ, തോക്കൊമ്പിൽ | VII/324 | സ്റ്റീൽ വർക്ക് |

ആകെ ഡി&ഒ ലൈസൻസ് അനുവദിച്ച 164 അപേക്ഷകളിൽ 24 അപേക്ഷകളിലെ കെട്ടിടത്തിന്റെ ഉപയോഗക്രമം നേരിൽ പരിശോധിച്ചപ്പോൾ തന്നെ അതിൽ 2എണ്ണം താമസാവശ്യത്തിനായി നികുതി നിർണ്ണയിച്ച കെട്ടിടങ്ങളാണ് എന്നിരിക്കെ അവശേഷിക്കുന്ന 140 അപേക്ഷകളിലെയും കെട്ടിടങ്ങളുടെ ഉപയോഗക്രമം പരിശോധിച്ചാൽ ഇത്തരം കൂടുതൽ കെട്ടിടങ്ങൾ ഉണ്ടാകുമെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ആകയാൽ, മേൽപരാമർശിച്ചത് കൂടാതെ ഡി&ഒ ലൈസൻസ് അനുവദിച്ച മറ്റ് 140 അപേക്ഷകളും പരിശോധിച്ച് ഉപയോഗക്രമം മാറ്റിയിട്ടുള്ള സംഗതികളിൽ വസ്തുനികുതി പുനർനിർണ്ണയിച്ച് ഈടാക്കേണ്ടതാണ്.

## 2-4 ഡി&ഒ ട്രേഡ് ലൈസൻസ് ഫീസ്,തൊഴിൽനികുതി എന്നിവ ഈടാക്കുന്നില്ല

1996 ലെ കേ.പ.രാജ് (ആപൽക്കരവും അസഹ്യവുമായ ആയ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളുടെ പട്ടിക 1പ്രകാരം റേഷൻകടകളും അബ്കാരി ഷാപ്പുകളും ഡി&ഒ ട്രേഡ് ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളാണ്. എന്നാൽ ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻകടകളും അബ്കാരി ഷാപ്പുകളും പ്രസ്തുത ലൈസൻസില്ലാതെയാണ് പ്രവർത്തിക്കുന്നത്. മാത്രമല്ല, ഈ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെയും സ്ഥാപനത്തിന്റെയും തൊഴിൽനികുതി ഇനങ്ങളിലും വരുമാനമൊന്നും ലഭിക്കുന്നില്ല.

പഞ്ചായത്തിലെ എല്ലാ വാർഡുകളിലെയും വ്യാപാര/വ്യവസായ സ്ഥാപനങ്ങളുടെ വിവരങ്ങൾ ഉൾപ്പെടുത്തി ട്രേഡേഴ്സ് ലിസ്റ്റ് പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ എണ്ണം വ്യക്തമല്ല. ട്രേഡേഴ്സ് രജിസ്റ്റർ,സ്ഥാപന രജിസ്റ്റർ എന്നിവ കാലികമാക്കുകയും അതനുസരിച്ച് എല്ലാ സ്ഥാപനങ്ങളും ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 2-5 തൊഴിൽനികുതി ഈടാക്കിയില്ല

2015-16 വർഷത്തെ തൊഴിൽനികുതി രജിസ്റ്റർ പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ, അവയുടെ പേരിനുനേരേ രേഖപ്പെടുത്തിയിട്ടുള്ള അർദ്ധ വർഷത്തെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല എന്ന് കാണുന്നു.

| ക്രമ. നം | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|---|
| 1 | കട്ടപ്പന ബ്ലോക്ക് പഞ്ചായത്ത്(വി.ഇ.ഒ) | 2 |
| 2 | കെ.എസ്.ബി.സി, ഉപ്പുതറ | 1, 2 |
| 3 | എൽ.എസ്.ജി.ഡി സെക്ഷൻ ഉപ്പുതറ | 1 |

കൂടാതെ, താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല.

| ക്രമ. നം | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|---|
| 1 | കരിന്തരുവി എസ്റ്റേറ്റ് | 1,2 |
| 2 | കെ.എസ്.ബി.സി, ഉപ്പുതറ | 1,2 |

| | | |
|---|---|---|
| 3 | കേരള ഗ്രാമീൺ ബാങ്ക് | 1,2 |
| 4 | ഉപ്പുതറ സർവ്വീസ് സഹകരണ ബാങ്ക് | 2 |
| 5 | പശുപ്പാറ എസ്റ്റേറ്റ് | 1,2 |
| 6 | ഐ.ഡി.സി.ബി, ഉപ്പുതറ | 2 |
| 7 | ഫെഡറൽ ബാങ്ക്, ഉപ്പുതറ | 2 |
| 8 | കെ.എസ്.ഇ.ബി, ഉപ്പുതറ | 1,2 |
| 9 | ബി.എസ്.എൻ.എൽ,ഉപ്പുതറ | 1,2 |

മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽനികുതിയും സ്ഥാപന തൊഴിൽനികുതിയും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ഡെൽഹി ഷെഡ്യൂൾ നിരക്കുകൾ അനുവദിച്ചതിലെ പിഴവുകൾ മൂലം പഞ്ചായത്ത് ഫണ്ടിന് വൻ നഷ്ടം

2015-16 വർഷം മുതൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മരാമത്ത് പ്രവൃത്തികൾ നടപ്പാക്കുന്നതിന് 2014-ലെ ഡെൽഹി ഷെഡ്യൂൾ നിരക്ക് ബാധകമാക്കിയിട്ടുണ്ട്. ഉപ്പുതറ ഗ്രാമപഞ്ചായത്ത് തൻവർഷം ബിറ്റുമിൻ ആവശ്യമുള്ള 12 പ്രവൃത്തികൾക്കായി 27585.8കി.ഗ്രാം ബിറ്റുമിൻ ഉപയോഗിച്ചിട്ടുണ്ട്. (പട്ടിക കാണുക). വി.ജി.10 ഗ്രേഡ് ബിറ്റുമിന് 50600രൂപ/ടൺ വിലയും, വാട്ടർചാർജ്, കോസ്റ്റ് ഇൻഡെക്സ് (1.4857) എന്നിവയും ഉൾപ്പടെ കണക്കാക്കിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. ഇതു പ്രകാരം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ ബിറ്റുമിന്റെ വില താഴെ പറയും പ്രകാരം നിർണയിക്കുന്നു.

| | |
|---|---|
| ബിറ്റുമിൻ വില (VG -10 ഗ്രേഡ്) | 50600/ടൺ |
| കടത്തുകൂലി | 106.49/ടൺ |
| വാട്ടർചാർജ് 1% | 507.06 |
| | 51213.55 |
| കോസ്റ്റ് ഇൻഡെക്സ് (1.4857 പ്രകാരം<br>1 കി ഗ്രാമിന് 24.87/-) | 24874.42 |
| ആകെ | 76087.9/ടൺ<br>76.08/കി.ഗ്രാം |

HPCL, SIDCO എന്നിവ മുഖേനയാണ് പ്രവൃത്തികൾക്ക് ബിറ്റുമിൻ ലഭ്യമാക്കിയത്.അവയുടെ ഇൻവോയ്സുകളും എസ്റ്റിമേറ്റ് നിരക്കും തമ്മിലുള്ള താരതമ്യം ചുവടെ ചേർക്കുന്നു.

| | |
|---|---|
| എസ്റ്റിമേറ്റ് പ്രകാരം നിർണയിച്ച നിരക്ക് | 76.08രൂപ/കിലോഗ്രാം |
| HPCL-ന്റെ 3.2.2016-ലെ 15006507നമ്പർ ഇൻവോയ്സ് പ്രകാരമുള്ള നിരക്ക് | 31.12രൂപ/കിലോഗ്രാം |
| എസ്റ്റിമേറ്റ് നിരക്കും കമ്പോളനിരക്കും തമ്മിലുള്ള വ്യത്യാസം(76.08-31.12) | 44.96രൂപ/കിലോഗ്രാം |

കമ്പോളത്തിൽ ബിറ്റുമിൻ വില കേവലം 31.12രൂപ/കി.ഗ്രാം മാത്രം ആയിരിക്കെയാണ് കോസ്റ്റ് ഇൻഡക്സ് അടക്കം നൽകി ഡി.എസ്.ആർ പ്രകാരം 76.08രൂപ നിരക്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടിവന്നത്. ഇതുമൂലം കൺവീനർക്ക് അമിതലാഭം ഉണ്ടായിട്ടുണ്ട്. 18.03.2014-ലെ ജി.ഒ(ആർ.ടി)789/14/തസ്വഭവ പ്രകാരം ഇന്ത്യൻ ഓയിൽ കോർപ്പറേഷന്റെ (ഇവിടുത്തെ സംഗതിയിൽ, HPCL) ബിൽ പ്രകാരമുള്ള തുകയാണ് ബിറ്റുമിന്റെ വിലയായി അനുവദിക്കാവുന്നതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത സർക്കാർ ഉത്തരവ് ഇപ്പോഴും നിലനിൽക്കുന്നു. ഡി.എസ്.ആർ 2014-ന്റെ ആമുഖത്തിലെ 7-ാംനമ്പർ ഖണ്ഡിക പ്രകാരം ഡി.എസ്.ആർ നിരക്കും മാർക്കറ്റ് നിരക്കും തമ്മിൽ വലിയ വ്യത്യാസം ഇല്ലെങ്കിൽ കോസ്റ്റ് ഇൻഡെക്സ് ഒഴിവാക്കുന്നതിന് സാങ്കേതിക അനുമതി നല്കുന്ന ഉദ്യോഗസ്ഥന് കഴിയും (The technical sanctioning Authority may decide non application of cost index judiciously on the items, where the estimated cost of the item is close to the market rate.) . ഈ അവകാശം സാങ്കേതിക അനുമതി നല്കുന്ന ഉദ്യോഗസ്ഥൻ വിനിയോഗിച്ചിരുന്നു എങ്കിൽ 27585.8 കി.ഗ്രാം ബിറ്റുമിന് കോസ്റ്റ് ഇൻഡെക്സ് ആയി നല്കിയ 686058.8/- രൂപയെങ്കിലും (27585.8 x 24.87=686058.8) ലാഭിക്കുവാൻ കഴിയുമായിരുന്നു. കമ്പോളനിരക്കും എസ്റ്റിമേറ്റ് നിരക്കും തമ്മിൽ 244 ശതമാനത്തിലധികം വർദ്ധനവുണ്ടായിരുന്നിട്ടും ആനുപാതികമായ കുറവ് കൺവീനറുടെ ബില്ലിൽ വരുത്താതിരുന്നത് നിർവഹണ ഉദ്യോഗസ്ഥയുടെ ഭാഗത്തുനിന്നുള്ള ഗൗരവമേറിയ വീഴ്ചയാണ്. ഇടുക്കി ജില്ലയിലെ ഇതരപ്രദേശങ്ങളിലുള്ള പല തദ്ദേശസ്വയംഭരണങ്ങളും ബിറ്റുമിന് കമ്പോളനിരക്കുകൾ മാത്രം ഇക്കാലയളവിൽ കൺവീനർമാർക്കും കരാറുകാർക്കും അംഗീകരിച്ചു നൽകിയിരുന്നുവെന്നത് ഇത്തരുണത്തിൽ പ്രത്യേകം പ്രസ്താവ്യമാണ്. ഗ്രാമപഞ്ചായത്തിന്റെ ഉത്തമ സാമ്പത്തിക താത്പര്യം സംരക്ഷിക്കുന്നതിന് ഇത്തരത്തിലുള്ള തെറ്റായ പ്രവണതകൾ ഒഴിവാക്കേണ്ടതുണ്ടതാണ്. ബിറ്റുമിന് അധികനിരക്ക് അനുവദിച്ചതു വഴി പഞ്ചായത്ത് ഫണ്ടിനുണ്ടായ അധികച്ചെലവിന്റെ വിവരങ്ങൾ ചുവടെ ചേർത്തിട്ടുള്ള പട്ടികയിൽ വിവരിക്കുന്നു.

| ക്രമ നം | പ്രോജക്ട് നം, പേര് ,അടങ്കൽ | ഉപയോഗിച്ച ബിറ്റുമിന്റെ അളവ് | അനുവദിച്ച ബിറ്റുമിന്റെ മൂല്യം(76.08രൂപ നിരക്കിൽ) | ഷെഡ്യൂൾ നിരക്കും കമ്പോളനിരക്കും തമ്മിലുള്ള വ്യത്യാസം (76.08-31.12) | അളവു പുസ്തകം | ബിൽ നം /തീയതി |
|---|---|---|---|---|---|---|
| 1 | എസ് 087/16 വെള്ളപ്പതാൽ റോഡ് ടാറിംഗ്, 450000/- | 2016.12 | 153386.40 | 90644.75 | 25/15-16 | 99/31.3.16 |
| 2 | എസ് 042/16 ഉമ്പാട്ടുപടി എം സി കവല റോഡ് ടാറിംഗ്, 298000/- | 1469.3 | 111784.34 | 66059.70 | 31/15-16 | 98/31.3.16 |

| | | | | | | |
|---|---|---|---|---|---|---|
| 3 | എസ് 062/16 മാട്ടുത്താവളം പള്ളിപ്പടി മുതൽ ആലപ്പാട്ട് പടി വരെ റോഡ് ടാറിംഗ്,400000 | 2106.11 | 160232.84 | 94690.70 | 13/15-16 | 97/31.3.16 |
| 4 | എസ് 078/16 തവാരണ റോഡിൽ ഫാക്ടറിപടി മുതൽ റോഡ് ടാറിംഗ്, 450000/- | 3471.5 | 264111.72 | 156078.64 | 54/15-16 | 95/31.3.16 |
| 5 | എസ് 299/16അറപ്പക്കാട് മലയപ്പുഴവൽ റോഡ് ടാറിംഗ്,/- 350000/- | 1569.15 | 119380.93 | 70548.98 | 62/15-16 | 69/14.3.16 |
| 6 | എസ് 047/16 പൗലോസ് കങ്കാണി ലയം മുതൽ പുതക്കട റോഡ് ടാറിംഗ് , 450000/- | 1954.31 | 148683.90 | 87865.77 | 19/15-16 | 100/31.3.16 |
| 7 | എസ് 282/16 കോയിൽപിള്ളപ്പടി തോമസ് -കല്ലറയ്ക്കൽപ്പടി റോഡ് ടാറിംഗ് ,450000/- | 1980.08 | 150644.48 | 89024.39 | 53/15-16 | 63/31.3.16 |
| 8 | എസ് 066/16 കുര്യൻകണ്ടം പ്ലാമൂട് റോഡ് ടാറിംഗ് | 3178.8 | 241843.10 | 142918.8 | 16/15-16 | 62/27.2.16 |
| 9 | എസ് 032/16 വളകോട് എസ്.റ്റി റോഡ് ടാറിംഗ്, 495000/- | 2206.32 | 167856.82 | 99196.14 | 17/15-16 | 68/.14.3.16 |
| 10 | എസ് 053/16 മാട്ടുത്താവളം കാപ്പിപ്പാറ റോഡ് ടാറിംഗ്,300000/- | 2213.8 | 168425.90 | 99532.44 | 59/15-16 | 60/27.2.16 |
| 11 | എസ് 088/16 മലൈപ്പുഴവൽ | 3466 | 263693.28 | 155831.36 | 40/15-16 | 78/23.3.16 |

| | | | | | | |
|---|---|---|---|---|---|---|
| | റോഡ് ടാറിംഗ്, 450000/- | | | | | |
| 12 | എസ് 087/16 വെള്ളപ്പതാൽ റോഡ് ടാറിംഗ് | 1954.31 | 148683.90 | 87865.77 | 61/15-16 | 100/31.3.16 |
| | ആകെ | 27585.8 | 2098727.61 | 1240257.44 | | |
| | പഞ്ചായത്ത് ഫണ്ടിനുണ്ടായ മൊത്തം അധികച്ചെലവ് : 12,40,257.44/-അധികം ചെലവ് ചെയ്ത തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. | | | | | |

## 3-2 റോഡ് കോൺക്രീറ്റിംഗിന് അധിക നിരക്ക് നല്കി-നഷ്ടം-67865/-

കോൺക്രീറ്റ് റോഡ് നിർമാണത്തിൽ 1:4:8 അനുപാതത്തിലുള്ള സബ് ബേസ് കോൺക്രീറ്റിംഗിന് മുകളിൽ 1:2:4 അനുപാതത്തിലുള്ള കോൺക്രീറ്റിംഗ് നടത്തുന്നതിന് ഡി.എസ്.ആർ. ഇനം 4.1.3 പ്രകാരം കൺവീനർക്ക് ₹7,062/-എം3 നിരക്കാണ് നൽകേണ്ടത്. എന്നാൽ സി.സി. 1:2:4ന് മുകളിൽ, മിനുക്കുപണി ഉൾപ്പടെയുള്ള ഫ്ലോറിംഗിനായുള്ള ഡി.എസ്.ആർ. ഇനം 11.7 അനുസരിച്ചുള്ള നിരക്കായ ₹7,440.40/എം3 റോഡ് കോൺക്രീറ്റിംഗിന് നൽകിയത് മൂലം ₹67865/- അധികമായി കൺവീനർമാർക്ക് നൽകിയിട്ടുണ്ട്. അധികമായി നൽകിയ ₹67865/- കൺവീനർമാരിൽ നിന്നോ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസി.എൻജിനീയർ, എസ്റ്റിമേറ്റ് അംഗീകരിച്ച അസി.എക്സി.എൻജിനീയർ എന്നിവരിൽ നിന്ന് തുല്യമായോ ഈടാക്കേണ്ടതാണ്. പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം 2 ആയി ഉൾപ്പെടുത്തിയിരിക്കുന്നു.

## 3-3 ഉയർന്ന നിരക്കിൽ സൗര റാന്തൽ വാങ്ങി വിതരണം നടത്തി-നഷ്ടം ₹49480/-

| | |
|---|---|
| നിർവ്വഹണം | സെക്രട്ടറി |
| പ്രോജക്ട് നം | 284/2016 |
| പ്രോജക്ട് | മേമ്മാരി പ്രദേശത്തെ കുടുംബങ്ങൾക്ക് സോളാർ പാനൽ |
| അടങ്കൽ | ₹200000/-(റ്റി.എസ്.പി) |
| ബിൽ നം | 11/2015-16 തീ 18-12-2015 |
| തുക | ₹197980 |

ഗ്രാമപഞ്ചായത്തിലെ വൈദ്യുതി എത്താത്ത പട്ടിക വർഗ്ഗ കോളനിയിലെ കുടുംബങ്ങൾക്ക് സൗരറാന്തൽ വിതരണം നടത്തുന്നതിന് വിഭാവനം ചെയ്തിട്ടുള്ള പദ്ധതിയാണിത്. പദ്ധതി നടത്തിപ്പിനായി താഴെ പരാമർശിക്കും പ്രകാരം 12-08-2016 ൽ എ1-4896/15പ്രകാരം വെബ്ബിൽ ക്ഷണിച്ച ടെണ്ടർ താഴെ നൽകുന്നു.

| Model | 20w | 40w |
|---|---|---|
| Solar PV module | 5wp | 12wp |
| Battery Capcity | 7.4v/2600mAh | 7.4v/2600mAh |
| LED Lamps | 1W 2 nos | 2W2 nos |

| | |
|---|---|
| Charging Technology | Maximum power point technology(MPPT) |
| Features | USB Mobile Charger<br>PV/Battery reverse current protection<br>Battery overcharge& discharge<br>Lighting Protection<br>Battery high voltage/low voltage protection<br>Buzzer for low voltage disconnect<br>Deep charge protection |

ടെണ്ടർ നോട്ടീസ് പ്രകാരം മൂന്ന് സ്ഥാപനങ്ങൾ ടെണ്ടർ സമർപ്പിച്ചിരുന്നു. കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത സ്ഥാപനത്തിന്റെയും വാങ്ങൽ നടത്തിയ സ്ഥാപത്തിന്റെയും സ്പെസിഫിക്കേഷനും നിരക്കും താഴെ നൽകുന്നു.

| ITEMS | Ammini SOLAR Pvt Ltd Thiruvananthapuram | Solar Home Lightning Energy Sol Kottayam |
|---|---|---|
| Solar PV module | 12wp | 12wp |
| Battery Capcity | 7.2 Ah | 7.2 Ah |
| LED Lamps | 3W2 nos | 3W2 nos |
| Charging Technology | Maximum power point technology<br>(MPPT) | Maximum power point technology<br>(MPPT) |
| Features | Featurs same as Tender Specification | Mobile Charger<br>PV/Battery reverse current protection<br>Battery overcharge& discharge<br>Lighting Protection<br>Battery high voltage/low voltage protection<br>Buzzer for low voltage disconnect<br>Deep charge protection |
| Warrenty | 3Years | - |
| Rate | ₹3100/- | ₹4400/- |

താഴെ പരാമർശിക്കുന്ന തെറ്റായ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് പഞ്ചായത്ത് കമ്മിറ്റി ക്വട്ടേഷനുകൾ പരിഗണിച്ചിരിക്കുന്നത്.

| സ്ഥാപനം | ടെണ്ടർ തുക ₹ | റിമാർക്സ് |
|---|---|---|
| സോളാർ ഹോം ലൈറ്റനിംഗ് എനർജി സോൾ | 4400 | സ്പെസിഫിക്കേഷൻ അനുസരിച്ച് (3വർഷം വാറന്റി) |
| ആൻ ഡിസ്ട്രിബൂഷൻ | 5300 | സ്പെസിഫിക്കേഷൻ അനുസരിച്ച് (1വർഷം വാറന്റി) |
| അമ്മിണി സോളാർ | 3100 | സ്പെസിഫിക്കേഷൻ അനുസരിച്ച് (1വർഷം വാറന്റി) |

അമ്മിണി സോളാർ സിസ്റ്റംസ് 3 വർഷത്തെ വാറന്റി നൽകുകയും സോളാർ ഹോം ലൈറ്റനിംഗ് എനർജി സോൾ വാറന്റി നൽകാതിരിക്കുകയും ആണ് ചെയ്തിരിക്കുന്നത്. എന്നാൽ കമ്മിറ്റിയിൽ മേൽ പരാമർശിക്കും പ്രകാരം തെറ്റായ കാര്യങ്ങൾ ഉൾപ്പെടുത്തിയതിനാൽ പഞ്ചായത്ത് നിർദ്ദേശിച്ച സ്പെസിഫിക്കേഷൻ ഇല്ല എന്ന കാരണത്താൽ 17-09-2015 ലെ മൂന്നാം നമ്പർ തീരുമാന പ്രകാരം അമ്മിണി സോളാർ സിസ്റ്റംസിന്റെ ടെണ്ടർ നിരസിക്കുകയും സോളാർ ഹോം ലൈറ്റനിംഗ് എനർജി സോളിന്റെ ടെണ്ടർ അംഗീകരിക്കുകയും ചെയ്തു.

സോളാർ ഹോം ലൈറ്റനിംഗ് എനർജി സോളിന്റെ 15-10-2015 ലെ ആറാം നമ്പർ ബിൽ പ്രകാരം ₹4356/- നിരക്കിൽ 45 സൗരറാന്തൽ വാങ്ങിയിട്ടുണ്ട്.

| സോളാർ ഹോം ലൈറ്റനിംഗ് എനർജി സോളിന്റെ വില ₹ | അമ്മിണി സോളാർ സിസ്റ്റംസിന്റെ വില ₹ | അധികം നൽകിയ തുക ₹ |
|---|---|---|
| 45X4356=196020<br>നികുതി=1960<br>ആകെ=197980 | 45X3300=148500 | 49480 |

അധികം നൽകിയ തുക ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്. പ്രസ്തുത വിഷയത്തിന് ഓഡിറ്റ് എൻക്വയറി (നം 5 തീ 11-01-2017) നൽകിയെങ്കിലും മറുപടി നൽകിയിട്ടില്ല. തെറ്റായ കാര്യങ്ങൾ പഞ്ചായത്ത് കമ്മിറ്റിയിൽ ഉൾപ്പെടുത്തിയതിന് അന്വേഷണം നടത്തി വിവരം അറിയിക്കേണ്ടതാണ്.

## 3-4 ഫയലുകൾ ഹാജരാക്കിയില്ല. ചെലവ് തടസ്സം-₹3,05,000/-

വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ താഴെ പരാമർശിക്കുന്ന പദ്ധതികളുടെ ഫയലുകൾ ഓഡിറ്റിന് ഹാജരാക്കിയില്ല.

| ക്രമ നമ്പർ | പ്രൊജക്ട് നം | പ്രവൃത്തിയുടെ പേര് | ബിൽ നം | തുക₹ |
|---|---|---|---|---|
| 1 | 127/15-16 | കോഴി വിതരണം(ജനറൽ) | 1/11/6/15 | 291500 |

| | | | | |
|---|---|---|---|---|
| 2 | 337/15-16 | കോഴി വിതരണം (എസ്.സി) | 13/30/03/16 | 13500 |
| | | | ആകെ | 305000 |

ഫയലുകൾ ഹാജരാക്കുവാൻ ഓഡിറ്റ് എൻക്വയറി നല്കിയെങ്കിലും ഹാജരാക്കാത്തതിനാൽ ₹3,05,000/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-5 മരുന്നുകൾ ലഭ്യമായിട്ടില്ല. ചെലവ് തടസ്സം-₹1,00,000/-

| ക്രമ നം | പ്രൊജക്ട് നം | പ്രവൃത്തിയുടെ പേര് | ബിൽ നം | തുക ₹ |
|---|---|---|---|---|
| 1 | 263/15-16 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ | 3/15-16 | 1,00,000 |

ഹോമിയോ ആശുപത്രിയിലേയ്ക്ക് മരുന്ന് വാങ്ങുന്നതിനായി ₹1,00,000/- പിൻവലിച്ച് 11/2/16-ൽ ഹോംകോ-യ്ക്ക് നല്കിയെങ്കിലും നാളിതുവരെ മരുന്നുകൾ ലഭ്യമായിട്ടില്ലാത്തതിനാൽ ₹1,00,000/ യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-6 മീഡിയാശ്രീക്ക് തുക നൽകിയത് - പദ്ധതി പൂർത്തീകരിച്ചിട്ടില്ല. ₹65000/- യുടെ ചെലവ് തടസ്സം.

| | |
|---|---|
| നിർവ്വഹണം | സെക്രട്ടറി |
| പദ്ധതി നം | 97/2016 |
| പദ്ധതി | മീഡിയാശ്രീക്ക് പഞ്ചായത്ത് വിഹിതം നൽകൽ |
| ചെക്ക് നം | 1487744 തീ 24-07-2015 |
| തുക | ₹65000/- |

ഗ്രാമപഞ്ചായത്തിന്റെ സംസ്കാരവും ചരിത്രവും വർത്തമാനവും പദ്ധതികളും നിലവിലെ ഭരണസമിതിയുടെ നേട്ടവും ഡോക്യുമെന്ററി ചിത്രങ്ങളായി പുറത്തിറക്കുന്നതിന്റെ പ്രവർത്തനങ്ങളുടെ ആവശ്യങ്ങൾക്കായി തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 16.02.2015 ലെ സ.ഉ (സാധാ) 462/2015 ലെ നിർദ്ദേശാനുസരണം ₹65000/-(ഡി.ഡിനം 107884 തീ 24.07.2015) പ്രകാരം മീഡിയാശ്രീക്ക് നല്കുന്നതിനായി ഇടുക്കി ജില്ലാ കുടുംബശ്രീ മിഷന് കൈമാറിയിട്ടുണ്ട്. മീഡിയാശ്രീയുടെ കൈപ്പറ്റ് രസീത് ഹാജരാക്കിയിട്ടില്ല. പദ്ധതി പൂർത്തീകരിച്ച് ഡോക്യുമെന്ററി പുറത്തിറക്കിയിട്ടില്ല. ആയതിനാൽ ₹65000/- ന്റെ ചെലവ് തടസ്സം ചെയ്യുന്നു. ഡോക്യുമെന്ററി അടങ്ങിയ സി.ഡി, പൂർത്തീകരണ സാക്ഷ്യപത്രം, വാല്യുവേഷൻ സാക്ഷ്യപത്രം എന്നിവ ഹാജരാക്കേണ്ടതാണ്.

## 3-7 കൈപ്പറ്റ് രസീതില്ല ചെലവ് തടസ്സം ₹.14,965/-

| വൗച്ചർ നം/തിയതി | പിൻവലിച്ച തുക ₹ | വിതരണം ചെയ്ത തുക ₹ | തുകയുടെ വിശദാംശം | |
|---|---|---|---|---|
| 21500381/26/8/2015 | 30115 | 16500 | അസി.സെക്രട്ടറി ആർ.സുരേഷ് കുമാറിന്റെ 2/15മുതൽ 6/15 വരെയുള്ള മാസങ്ങളിലെ യാത്രബത്ത | 5500 |

| | | | | |
|---|---|---|---|---|
| | | | അക്കൗണ്ടന്റ് എം.നജീബിന്റെ ,2/15മുതൽ 6/15 വരെയുള്ള മാസങ്ങളിലെ യാത്രാബത്ത | 4080 |
| | | | ക്ലാർക്ക്, കെ.പി .സുനിതയുടെ 2/2015 മുതൽ 4/2015 വരെയുള്ള മാസങ്ങളിലെ യാത്രാ ബത്ത | 2100 |
| | | | ക്ലാർക്ക്, ബിനോയ് മാത്യുവിന്റെ 2/2015 മുതൽ 6/2015 വരെയുള്ള മാസങ്ങളിലെ യാത്രാ ബത്ത | 1935 |
| 21501042/31/ 3/2016 | 26595 | 25245 | അസി.സെക്രട്ടറി,- ആർ .സുരേഷ് കുമാറിന്റെ 7/15 ലെ യാത്രാബത്ത | 400 |
| | | | അക്കൌണ്ടന്റ്-എം.നജീബിന്റെ 7/15ലെ യാത്രാ ബത്ത | 800 |
| | | | സീനിയർ ക്ലാർക്ക് , ബിൻസി മാത്യുവിന്റെ 10/15 ലെ യാത്രാ ബത്ത. | 150 |
| ആകെ | 56710 | 41745 | | 14965 |

പണം കൈപ്പറ്റിയതായി രേഖയില്ലാത്തതിനാൽ ₹14965/-യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-8 റോഡ് നിർമ്മാണം- മെറ്റലിങ്ങിലവസാനിപ്പിക്കുന്നു

ഗ്രാമപഞ്ചായത്ത് 2015-16-ൽ ഏറ്റെടുത്ത ചില റോഡുനിർമാണ പ്രവൃത്തികൾ സോളിംഗ് വരെയുള്ള ഇനങ്ങൾ പൂർത്തീകരിച്ച് അവസാനിപ്പിച്ചതായി കാണുന്നു. ഐ.ആർ.സി സ്പെസിഫിക്കേഷനനുസരിച്ച് സോളിംഗ് നടത്തിയശേഷം സീസണിങ്ങിന് വേണ്ടി ഒരു വർഷം വരെയുള്ള കാലയളവ് അനുവദനീയമാണെങ്കിലും റോഡ് ഗതാഗതത്തിന് തുറന്ന് കൊടുക്കാതെയാണ് അതുവരെ സൂക്ഷിക്കേണ്ടത്. മെറ്റലിങ്ങിന് ശേഷം ഉടൻതന്നെ ഗതാഗതത്തിന് തുറന്നുകൊടുക്കുന്നത് മൂലം മെറ്റലിങ്ങ് ഇളകിത്തെറിച്ച് യാത്ര കൂടുതൽ ദുഷ്കരമാവുകയും പിന്നീട് ടാറിംഗ് പ്രോജക്ട് ഏറ്റെടുക്കുന്ന സന്ദർഭത്തിൽ അതുവരെ പൂർത്തീകരിച്ച ഇനങ്ങൾ (ഗ്രേഡഡ് മെറ്റൽ ഉപയോഗിച്ചുള്ള മെറ്റലിങ്ങ്) വീണ്ടും ചെയ്യേണ്ട അവസ്ഥയുണ്ടാവുകയും ചെയ്യുന്നു. അതാത് വർഷത്തെ പ്രോജക്ടുകളിൽ സേവിംഗ്സ് ലഭിക്കുന്നതിനും തുടർന്നുള്ള വർഷങ്ങളിൽ ആസ്തിപരിപാലന ഗ്രാന്റ് റോഡ് വിഹിതം വകയിരുത്തുന്നതിനും സ്വീകരിക്കുന്ന ഇത്തരം കുറുക്കു വഴികൾ മൂലം പഞ്ചായത്തിന് ആത്യന്തികമായി വൻ സാമ്പത്തിക നഷ്ടവും(തൻ വ്യഷം മുതൽ വളരെ ഉയർന്നനിരക്കുള്ള ഡൽഹി ഷെഡ്യൂൾ നിരക്കാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മരാമത്ത് വേലകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കാൻ അവലംബിക്കുന്നത് എന്ന കാര്യം ശ്രദ്ധിക്കുക.) ജനങ്ങൾക്ക് കൊടിയ യാത്രാക്ലേശവും ഉണ്ടാകുന്നുണ്ട് . മെറ്റലിങ്ങ് മാത്രം നടത്തി അവസാനിപ്പിച്ച പ്രോജക്ടുകളുടെ വിശദാംശങ്ങൾചുവടെ ചേർക്കുന്നു.

| ക്രമനം | പ്രോജക്ട് നം, പേര് | ചെലവഴിച്ച തുക ₹ |
|---|---|---|

| | | |
|---|---|---|
| 1 | എസ്010/16 കോതപ്പാറ വൻമാവ് റോഡ് സോളിംഗ് | 182410 |
| 2 | എസ് 015/16 മലയപ്പുഴുവൽ ശിവൻപടി റോഡ് സോളിംഗ് | 330000 |

ക്രമ നമ്പർ 1-ൽ പരാമർശിക്കുന്ന റോഡ് ജില്ലാപഞ്ചായത്ത് 2016-17-ൽ പൂർത്തീകരിച്ചെങ്കിലും രണ്ടാമത്തേത് പൂർത്തീകരിക്കുന്നതിന് നടപ്പു സാമ്പത്തികവർഷം പ്രോജക്ടുകളൊന്നും ആവിഷ്കരിച്ചിട്ടില്ലായെന്നത് (ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച നടപ്പു വർഷത്തെ പ്രോജക്ടുകളുടെ പട്ടികയിൽ പ്രസ്തുത പ്രോജക്ട് ഉൾപ്പെട്ടിട്ടില്ല. ) പ്രത്യേകം പ്രസ്താവ്യമാണ്. ആകയാൽ ടാറിംഗ് പ്രവൃത്തി നടത്തുന്ന വേളയിൽ സോളിംഗ് ഉൾപ്പടെയുള്ള ഇനങ്ങൾ ആവർത്തിക്കേണ്ടി വരുമെന്നത് നിസ്തർക്കമായ കാര്യമാണ്. ടി പ്രവൃത്തി നടപ്പു സാമ്പത്തികവർഷത്തെ പദ്ധതിയിലുൾപ്പെടുത്താൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭാവിയിൽ ഭീമമായ അധികച്ചെലവിന് വഴിവയ്ക്കുമെന്നതിനാൽ മെറ്റലിങ്ങ് മാത്രമായി നടത്തുന്ന പ്രോജക്റ്റുകൾ ഏറ്റെടുക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 3-9 വാങ്ങിയ കമ്പ്യൂട്ടറുകൾ ഉപയോഗക്ഷമമാക്കിയില്ല.

| | |
|---|---|
| നിർവ്വഹണം | സെക്രട്ടറി |
| പദ്ധതി നം. | 118/2016 |
| പദ്ധതി | ഫ്രണ്ട് ഓഫീസ് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും നെറ്റ് വർക്കിംഗും |
| ബിൽനം തീയതി | 22/2015-16 തീയതി 31-03-2016 |
| തുക | ₹282975 |

ഫ്രണ്ടാഫീസ് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും നെറ്റ് വർക്കിംഗും നടത്തുന്നതിനായി റേറ്റ് കോൺട്രാക്ട് ഉള്ള എച്ച്.സി.എൽ ഇൻഫോസിസ്റ്റംസിൽ നിന്നും 05-03-2016 ലെ എസ്.എസ്.ക്യൂ 15-16/ബി 2994 നമ്പർ ബിൽ പ്രകാരം 7 കമ്പ്യൂട്ടറുകൾ വാങ്ങിയിട്ടുണ്ട്. പ്രസ്തുത കമ്പ്യൂട്ടറുകളിൽ നാല് എണ്ണം വിവിധ സെക്ഷനുകളിൽ ഉപയോഗിച്ചു വരുന്നു. മൂന്ന് കമ്പ്യൂട്ടറുകളുടെ പാക്കിംഗ് പോലും അഴിക്കാതെ ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കുന്നതായി കാണുന്നു. സാധനങ്ങളുടെ ആവശ്യകത മനസ്സിലാക്കാതെ സാധനങ്ങൾ വാങ്ങുന്നത് ഉചിതമായ നടപടിയല്ല. കമ്പ്യൂട്ടറുകൾ പ്രവർത്തന ക്ഷമമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-10 എസ്.എസ്.എ- വിശദമായ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നില്ല

| | |
|---|---|
| നിർവ്വഹണം | സെക്രട്ടറി |
| | |
| പദ്ധതി നം &പദ്ധതി | 286/2016 – എസ്.എസ്.എ വിഹിതം അടയ്ക്കൽ |
| ബിൽനം തീയതി | 1/2015-16 തീയതി 12-08-2015 |
| തുക ₹ | 500000 |

എസ്.എസ്.എ യുടെ പഞ്ചായത്ത് വിഹിതമായി ₹500000/- തൊടുപുഴയിലുള്ള ഇടുക്കി ജില്ലാ എസ്.എസ്.എ പ്രോജക്ട് ഓഫീസിൽ അടച്ചിട്ടുണ്ട്. തുക ചെലവഴിച്ചിട്ടുണ്ടെന്നുള്ള സാക്ഷ്യപത്രം മാത്രമാണ് സ്ഥാപനത്തിൽ നിന്നും ലഭിച്ചിട്ടുള്ളത്. എസ്.എസ്.എ തുക ഉപയോഗിച്ച് ഗ്രാമപഞ്ചായത്ത് പ്രദേശത്തെ ഏതെല്ലാം സ്കൂളുകളിൽ എന്തെല്ലാം പ്രവർത്തനങ്ങൾ നടപ്പാക്കി എന്ന വിശദാംശങ്ങൾ അടങ്ങിയ വിനിയോഗ സാക്ഷ്യപത്രം എസ്.എസ്.എ പ്രോജക്ട് ഓഫീസിൽ നിന്നും ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 3-11 ഭവന നിർമ്മാണം പൂർത്തികരിക്കാത്തത് സംബന്ധിച്ച്

വി.ഇ.ഒ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ വൃദ്ധർക്ക് ഭവന നിർമ്മാണം എന്ന പ്രവൃത്തിയിൽ താഴെപ്പറയുന്ന വ്യക്തികൾ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

1. തങ്കപ്പൻ പുത്തൻവിളയിൽ, ചീന്തലാർ
2. ചാക്കോ പള്ളത്ത്, കൊച്ചുകരിന്തരുവി
3. രത്നാകരൻ,തിരുനെല്ലി,

മേൽ വ്യക്തികളുടെ ഭവനനിർമ്മാണം പൂർത്തികരിക്കുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക ₹ | പ്രൊജക്ടിന്റെ പേര് | ചെലവ് ₹ | ബാലൻസ് ₹ |
|---|---|---|---|---|---|
| ഇല്ല | | | | | |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക ₹ | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഇല്ല | | | | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം തുക ലഭിച്ചിട്ടില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 33 | 2002-03 | 6(5)1 | കുളം നിർമ്മാണം | ഉടമസ്ഥത ഉറപ്പാക്കാതെ സ്ഥലം വാങ്ങി നൽകി |
| 2006-07 | 3(3) | 2009-10 | 2(8) | നിക്ഷേപ വേലകൾ പൂർത്തീകരിക്കാത്തത് | ലഭ്യമല്ല |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | ₹73287341 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | ₹98598552 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ₹67420 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ₹117345 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ₹1725222 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | |
|---|---|---|---|---|
| | ചാർജ്ചെയ്യാവുന്നവ ₹ | സർചാർജ്ചെയ്യാവുന്നവ ₹ | | |
| 2-1 | 67420 | - | 33710 | വി.റ്റി.കുര്യൻ, സെക്ഷൻ ക്ലർക്ക് |
| | | | 33710 | ശ്രീമതി.എം.കെ.രേഖ |
| 3-2 | | 67865 | 33932 | ശ്രീമതി.സില്ലാമോൾ മാത്യു അസി.എൻജിനീയർ |
| | | | 33933 | സന്തോഷ് കുമാർ, അസി.എക്സി.എൻജിനീയർ |
| 3-3 | | 49480 | ശ്രീ. വൈ. അനസ്, സെക്രട്ടറി | |
| ആകെ | 67420 | 117345 | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 1240257 | ശ്രീമതി.സില്ലാമോൾ മാത്യു, അസി.എൻജിനീയർ<br>ശ്രീ.സന്തോഷ് കുമാർ, അസി.എക്സിക്യൂട്ടീവ് എൻജിനീയർ |
| 3-4 | 305000 | ഡോ. ബി. രഘുനന്ദനൻ, വെറ്ററിനറി സർജൻ |
| 3-5 | 100000 | ഡോ. ആർ ബാൽരാജ്, മെഡിക്കൽ ഓഫീസർ ഹോമിയോ |

| | | |
|---|---|---|
| 3-6 | 65000 | ശ്രീ. വൈ. അനസ്, സെക്രട്ടറി |
| 3-7 | 13615 | ശ്രീ. വൈ. അനസ്, സെക്രട്ടറി |
| | 1350 | ശ്രീമതി. പി.എ. സറീന, അസി. സെക്രട്ടറി |
| ആകെ | 1725222 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

3-4 മുതൽ 3-10 വരെ

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. വൈ. അനസ്,സെക്രട്ടറി | സെക്രട്ടറി ,പാമ്പാട്ടുംപാറ<br>ഗ്രാമ പഞ്ചായത്ത്,ഇടുക്കി ജില്ല | തെങ്ങുവിള വീട്,<br>നെടുംപായിക്കുളം പി.ഒ, കൊല്ലംജില്ല |
| ശ്രീ.വി.ടി.കുര്യൻ | സീനിയർ ക്ലർക്ക്<br>ഏലപ്പാറ ഗ്രാമപഞ്ചായത്ത് | വലിയപീടികയിൽ<br>അയ്യപ്പൻകോവിൽ.പി.ഒ<br>മാട്ടുക്കട്ട |
| ശ്രീമതി.എം.കെ.രേഖ<br>സെക്രട്ടറി | സെക്രട്ടറി,<br>ഉപ്പുതറ ഗ്രാമപഞ്ചായത്ത് | ചൈത്രം,<br>വെട്ടിക്കാട്ടൂർ വാര്യം<br>കുടമാളൂർ.പി.ഒ, കോട്ടയം |
| ശ്രീമതി.സില്ലാമോൾ മാത്യു | - | തേക്കുംകാട്ടിൽ<br>കരിമണ്ണൂർ പി.ഒ<br>ഇടുക്കി ജില്ല-685581 |
| ശ്രീ.സന്തോഷ് കുമാർ | അസി.എക്സി.എൻജിനീയർ<br>എൽ.എസ്.ജി.ഡി.<br>സബ് ഡിവിഷൻ പോത്തൻകോട് | - |

## 4-9 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1962-63-1977-78 | എൽ.എഫ്.ഐ-7/1196/90/02-01-91 |
| 1978-1979 | എൽ.എഫ്.ഐ-6/359/81/19-06-81 |
| 1979-80&1980-81 | എൽ.എഫ്.ഐ-6/689/81/02-03-82 |
| 1981-1982 | എൽ.എഫ്.ഐ-6/164/84/27-07-84 |
| 1982-1983 | എൽ.എഫ്.ഐ-6/1102/84/10-06-85 |
| 1983-1984 | എൽ.എഫ്.ഐ-7/225/86/04-04-87 |
| 1984-1985 | എൽ.എഫ്.ഐ-7/543/88/31-03-88 |
| 1985-1986 | എൽ.എഫ്.ഐ-7/766/89/31-10-89 |
| 1986-1987 | എൽ.എഫ്.ഐ-7/982/91/06-01-92 |
| 1987-1988 | എൽ.എഫ്.ഐ-7/338/92/22-09-92 |
| 1988-89&1989-90 | എൽ.എഫ്.ഐ-7/436/93/03-12-93 |
| 1990-91&1991-92 | എൽ.എഫ്.ഐ-7/127/94/04-08-94 |
| 1992-93&1993-94 | എൽ.എഫ്.ഐ-7/157/95/04-07-95 |
| 1994-1995 | എൽ.എഫ്.ഐ-7/99/96/11-06-96 |
| 1995-1996 | എൽ.എഫ്.ഐ-6/475/99/10-03-2000 |
| 1996-97 | എൽ.എഫ്.ഐ-6/748/98/07-10-98 |
| 1997-98 | എൽ.എഫ്.ഐ-6/50/99/02-6-99 |
| 1998-99 | എൽ.എഫ്.ഐ-6/37/01/28-02-01 |

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1999-2000 | എൽ.എഫ്.ഐ-6/105/02/28-6-02 |
| 2000-2001 | എൽ.എഫ്.ഐ-6/238/03/28-11-03 |
| 2001-2002 | എൽ.എഫ്.ഐ-6/30/04/27-4-04 |
| 2002-2003 | എൽ.എഫ്.ഐ-6/595/04/06-4-05 |
| 2003-2004 | എൽ.എഫ്.ഐ-6/99/06/08-6-06 |
| 2004-2005 | എൽ.എഫ്.ഐ-6/1034/06/06-1-07 |
| 2005-2006 | എൽ.എഫ്.ഐ-6/280/08/22-9-08 |
| 2006-2007 | എൽ.എഫ്.ഐ-6/450/09/19-12-09 |
| 2007-2008 | എൽ.എഫ്.ഐ-6/247/10/18-09-10 |
| 2008-2009 | എൽ.എഫ്.ഐ-9/77/11/09-08-11 |
| 2009-2010 | എൽ.എഫ്.ഐ-9/78/11/09-08-11 |
| 2010-2011 | എൽ.എഫ്.ഐ-9/423/12/19-06-12 |
| 2011-2012 | എൽ.എഫ്.ഐ-9/59/13/16-04-13 |
| 2012-2013 | എൽ.എഫ്.ഐ-9/553/14/13-08-14 |
| 2013-14 | എൽ.എഫ്.ഐ-9/488/2015/29-07-15 |
| 2014-15 | കെ.എസ്.എ-ഐഡി.കെ-9/143/2016/07-04-2016 |

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## അനുബന്ധം-1

### ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ-ഐ.ഡി.കെ- 9/28/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി, തൊടുപുഴ
Ph:04862-227332
e-mail:doidk.ksad@kerala.gov.in

തീയതി:17.01.2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ്, 1994 -ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ഇടുക്കി ജില്ലയിലെ ഉപ്പുതറ ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റുമെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ഇടുക്കി ജില്ലയിലെ ഉപ്പുതറ ഗ്രാമ പഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യപത്രിക വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

No.KSA-IDK-9 / 28/2016

Kerala State Audit Department

District Audit Office,Idukki

Ph:04862-227332

e-mail:doidk.ksad@kerala.gov.in

Date: 17.01.2017

## AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Upputhara Grama Panchayat in Idukki District for the year ended on 31-03-2016 in accordance with Section '4' of the Kerala Local Fund Audit Act 1994, Section 215 of the Kerala panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of Audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Upputhara Grama Panchayath for the year 2015-16 except the observations in My audit report properly presents the picture of income and expenditure .

DEPUTY DIRECTOR
KERALA STATE AUDIT DEPARTMENT

## അനുബന്ധം-2

### റോഡ് കോൺക്രീറ്റിംഗ് - അധിക തുക നൽകിയതിന്റെ വിശദാംശം കാണിക്കുന്ന പത്രിക

| ക്രമ നം. | പ്രവൃത്തിയുടെ വിവരം/ അടങ്കൽ/ | എം. ബുക്ക് നം./ ബിൽ നം. | സി.സി 1:2:4 ചെയ്ത | ₹7440.40/എം3 നിരക്കിൽ നൽകിയ | 7062/എം3 നിരക്കിൽ നൽകാവുന്ന | എ.എസ്-ൽ പരിമിതപ്പെടുത്തുന്നതിന് | അധികം നൽകിയത് ₹ |
|---|---|---|---|---|---|---|---|

| | കൺവീനറുടെ പേര് | & തുക ₹ | അളവ് എം3 | തുക ₹ | തുക ₹ | കുറച്ച തുക ₹ | |
|---|---|---|---|---|---|---|---|
| 1) | കരുന്തരുവി അംഗൻവാടി റോഡ് കോൺക്രീറ്റിംഗ് (81/16),₹400000/-, കറുപ്പൻ | 03/15-16, 20/15-16/ 20-10-2015 ₹20489/- 21/15-16/ 20-10-2015 ₹379511/- | 21.96 | 163391.18 | 155081.52 | 376 | 7934 |
| 2) | ആഴംകാല ഇല്ലിക്കൽപടി റോഡ് കോൺക്രീറ്റിംഗ് (336/16),₹350000/-, ആലീസ് തോമസ് | 07/15-16, 24/15-16/ 20-10-2015 ₹349309/- | 18 | 133927.2 | 127116 | - | 6811 |
| 3) | ഈന്തുംകാല റോഡ് (82/16),₹4,00,000/-, രവി | 08/15-16, 25/15-16/ 20-10-2015 ₹399445/- | 20.25 | 150668.1 | 143005.5 | - | 7663 |
| 4) | മാമരത്തുമൊട്ട വയലിത്തറ റോഡ് (335/16),₹450,000/-, രഘു | 06/15-16, 26/15-16/ 20-10-2015 ₹443720/- | 22.05 | 164060.82 | 155717.1 | - | 8344 |
| 5) | പാലക്കാവ് എസ്.റ്റി.കോളനി റോഡ് (28/16),₹300,000/-, യേശുദാസൻ | 71/15-16, 61/15-16/ 27-02-2016 ₹299981/- | 16.52 | 122915.41 | 116664.24 | - | 6251 |
| 6) | മുനിയപ്പൻപടി കറുപ്പസ്വാമി റോഡ് (39/16),₹248000/-, കെ.ഗോപാലൻ | 34/15-16, 55/15-16/ 19-02-2016 ₹247655/- | 13.64 | 101487.06 | 96325.68 | - | 5161 |
| 7) | മുല്ലള്ള് മേമ്മാരി റോഡ് | 69/15-16, | 24.77 | 184298.71 | 174925.74 | - | 9373 |

| | | | | | | | |
|---|---|---|---|---|---|---|---|
| | (330/16),₹450000/-, വിമൽകുമാർ | 74/15-16/ 17-03-2016 ₹449953/- | | | | | |
| 8) | കാറ്റാടിക്കവല സ്കൂൾപടി റോഡ് (84/16),₹298000/-, റ്റി.ഡി. മോഹൻദാസ് | 66/15-16, 56/15-16/ 19-02-2016 ₹297885/- | 16.34 | 121576.14 | 115393.08 | - | 6183 |
| 9 | ചപ്പാത്ത് അമ്പലപ്പടി റോഡ് (80/16),₹300,000/-, സി.ശിവകുമാർ | 36/15-16, 47/15-16/ 21-01-2016 ₹299880/- | 16.77 | 124775.51 | 118429.74 | - | 6346 |
| 10 | ദാമോദരൻപടി ട്രാൻസ്ഫോമർ റോഡ് (11/16),₹183000/-, റെജി ജോസഫ് | 24/15-16, 60/15-16/ 19-02-2016 ₹182997/- | 10.04 | 74701.62 | 70902.48 | - | 3799 |
| | | | | | | ആകെ | 67865 |

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി